(ബി) മേൽപ്പറഞ്ഞ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ആക്ട് കൊണ്ടുവന്നിട്ടുള്ളത്. മറ്റ് ഏതെങ്കിലും ബിൽ കൊണ്ടുവരുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതാണ്.

മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പള വർദ്ധനവ്

136 (4718) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പളം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗത്തിന്റെയാണെന്നും കുടിശ്ശിക ഇനത്തിൽ ഓരോരുത്തർക്കും എത്ര വീതം ലഭിക്കുമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് 70,000-രൂപയിൽ നിന്നും 2,00,000 രൂപയായും സുപ്രീംകോടതി മുൻപാകെ ഹാജരാകുന്നതിന് അപ്പിയറൻസിന് 20,000 രൂപയിൽനിന്നും 40,000 രൂപയായും 27-4-2015-ലെ സ.ഉ (കൈ) 72/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ച തീരുമാനത്തിന് 18-5-2015-ലെ സ.ഉ. (കൈ) 82/2015/നിയമം നമ്പർ പ്രകാരം 1-4-2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർക്കും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും മേൽ വർദ്ധന ബാധകമാക്കിയിട്ടുണ്ട്.

(ബി) അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർക്ക് റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ചതുമൂലം 1-4-2012 മുതൽ പ്രതിമാസം 1,30,000 രൂപ വച്ച് കുടിശ്ശിക ഇനത്തിൽ നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly